സുപ്രഭാതം
25 October 2026

മഹാരാഷ്ട്രയ്ക്ക് അഞ്ച് ലക്ഷം കല്ലുമ്മക്കായ വിത്തുകൾ കൈമാറി

കൊച്ചി ▸ മഹാരാഷ്ട്രയിലെ തീരദേശമേഖലയിൽ വസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കൈത്താങ്ങായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). ഹാച്ചറിയിൽ ഉൽപാദിപ്പിച്ച അഞ്ച് ലക്ഷം കല്ലുമ്മക്കായ വിത്തുകളും ഒരു ലക്ഷം ഓയിസ്റ്റർ വിത്തുകളും മഹാരാഷ്ട്രയിലെ കർഷകർക്ക് കൈമാറി.

ഇതോടെ, ഈ വർഷം ആകെ 10 ലക്ഷം കല്ലുമ്മക്കായ വിത്തുകളാണ് സി.എം.എഫ്.ആർ.ഐ മഹാരാഷ്ട്രയിലെ ഗോത്രവർഗ മത്സ്യത്തൊഴിലാളികൾക്ക് എത്തിച്ചുനൽകിയത്.

പ്രധാനമന്ത്രി മത്സ്യസമ്പദ യോജനയുടെ ഭാഗമായി സി.എം.എഫ്.ആർ.ഐ വിഴിഞ്ഞം റീജ്യണൽ സെന്ററിലെ ഹാച്ചറിയിലാണ് രണ്ടു മുതൽ നാലു മില്ലീമീറ്റർ വരെ വലുപ്പമുള്ള കല്ലുമ്മക്കായ വിത്തുകൾ ഉൽപാദിപ്പിച്ചത്.

ഓയിസ്റ്റർ വിത്തുകൾ ഉൽപാദിപ്പിച്ചത് സി.എം.എഫ്.ആർ.ഐയുടെ മദ്രാസ് സ്റ്റേഷനിലാണ്.

മഹാരാഷ്ട്രയിലെ മംഗ്രൂവ് ആൻഡ് മറൈൻ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ ഫൗണ്ടേഷനാണ് വിത്തുവിതരണവും സാങ്കേതിക മാർഗനിർദേശങ്ങളും കർഷക പങ്കാളിത്തവും ഏകോപിപ്പിക്കുന്നത്.